# കേരള സർക്കാർ

## സംഗ്രഹം

വനിതാശിശുവികസന വകുപ്പ്- വാർഷിക പദ്ധതി 2025-2026 -കേരള വനിതാ കമ്മീഷൻ- ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവെയർനസ്- 2025ലെ അന്താരാഷ്ട്ര വനിതാദിനാചരണവുമായി ബന്ധപ്പെട്ട് ഭാരത് ബ്രോഡ്കാസ്റ്റിംഗ് നെറ്റ് വർക്കിന് നൽകുവാനുള്ള തുക നടപ്പുവർഷത്തെ നീക്കിയിരിപ്പിൽ നിന്നും പിൻവലിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതാശിശുവികസന (ബി) വകുപ്പ്

**G.O.(Rt)No. 9/2026/WCDD** **Dated,06/01/2026**

---

എ.എസ് നമ്പർ : AS/WCD/25/47889 കാലാവധി : 31/03/2026

പരാമർശം:-1. സ.ഉ(സാധാ)നം. 56/2025/WCDD തീയതി. 06/02/2025
2. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 11/04/2025, 02/05/2025 തീയതികളിലെ ബി2/1070/2024/കേവക നമ്പർ കത്തുകൾ

## ഉത്തരവ്

ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവെയർനസ്-ന്റെ ഭാഗമായി കേരള വനിതാ കമ്മീഷന്റെ, "അവെയർനസ് ത്രൂ വേരിയസ് മീഡിയ" എന്ന പദ്ധതിയ്ക്ക് പരാമർശം (1) പ്രകാരം 2024-2025 സാമ്പത്തിക വർഷത്തിൽ 2235-02-103-90 (03) എന്ന പ്ലാൻ ശീർഷകത്തിൽ നിന്ന് 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം)-ടെ ഭരണാനുമതി നൽകിയിരുന്നു. 2025-ലെ അന്താരാഷ്ട്ര വനിതാ ദിനാചരണവുമായി ബന്ധപ്പെട്ട് ടി വി ചാനലുകൾ മുഖേന പരസ്യം ടെലികാസ്റ്റ് ചെയ്ത ഇനത്തിൽ ജയ്ഹിന്ദ് ടിവി (ഭാരത് ബ്രോഡ്കാസ്റ്റിംഗ് നെറ്റ് വർക്ക് ലിമിറ്റഡ്) 29,500/- രൂപ (ഇരുപത്തി ഒമ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം)-ടെ ബില്ല് ഹാജരാക്കിയത് 27/03/2025 തീയതിയിലാണെന്നും ട്രഷറിയിൽ ബില്ല് സമർപ്പിക്കേണ്ട അവസാന തീയതി 26/03/2025 ആയതിനാൽ പ്രസ്തുത ബില്ല് മാറിനൽകുന്നതിന് കഴിഞ്ഞിട്ടില്ലായെന്നും പരാമർശം (2) പ്രകാരം മെമ്പർ സെക്രട്ടറി അറിയിക്കുകയുണ്ടായി. അതിനാൽ പ്രസ്തുത ബില്ല് പ്രകാരമുള്ള 29,500/- രൂപ (ഇരുപത്തി ഒമ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2235-02-103-90 (03) എന്ന പ്ലാൻ ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിന് അനുമതി നൽകണമെന്ന് കമ്മീഷൻ മെമ്പർ സെക്രട്ടറി അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. 2235-02-103-90 (03) എന്ന പ്ലാൻ ശീർഷകത്തിലെ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം 210.00 ലക്ഷം രൂപയാണ്.

AS/WCD/25/47889

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-ലെ അന്താരാഷ്ട്ര വനിതാ ദിനാചരണവുമായി ബന്ധപ്പെട്ട് ടി വി ചാനലുകൾ മുഖേന പരസ്യം ടെലികാസ്റ്റ് ചെയ്ത ഇനത്തിൽ ഭാരത് ബ്രോഡ്കാസ്റ്റിംഗ് നെറ്റ് വർക്ക് ലിമിറ്റഡ്ന് നൽകേണ്ട 29,500/- രൂപ (ഇരുപത്തിയൊൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2025-2026 സാമ്പത്തിക വർഷത്തിലെ 2235-02-103-90(03) എന്ന പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-90-03-00-0-P-V | 29,500 | AS/WCD/25/47889 | 2026-03-31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | പരസ്യം ടെലികാസ്റ്റ് ചെയ്തത് | 29,500 |
| ആകെ (ഇരുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ് രൂപ) | | **29,500** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (UO(R)No. WCD-1/179/2025-FIN (E: 3251005) dated 11/09/2025 പ്രകാരം)
വനിതാശിശുവികസന (എ) വകുപ്പ്
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഓർഡർ പ്രകാരം കൈമാറി,

SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.01.08 12:25:37 +05:30

AS/WCD/25/47889